## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2231
## 18.3.2015-ലെ മറുപടിക്ക്
## ട്രഷറികളുടെ നവീകരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ മുഹമ്മദുണ്ണി ഹാജി | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതമാണ്. മുഴുവൻ ഇടപാടുകളും അക്കൗണ്ടിംഗും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ട്. കാലാനുസൃതമായ പരിഷ്ക്കാരത്തിന്റെ ഭാഗമായി ട്രഷറികളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>ട്രഷറി ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയ പുതിയ സെൻട്രൽ സെർവ്വർ സ്ഥാപിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിച്ച് താല്ക്കാലികമായ നെറ്റ്വർക്ക് സംവിധാനം (virtual private network) ഏർപ്പെടുത്തിയിട്ടുണ്ട്. സമ്പൂർണ്ണമായ തലത്തിലുള്ള നെറ്റ്വർക്കിംഗ് ഏർപ്പെടുത്തുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ശമ്പള വിതരണം ഓൺ ലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ശമ്പള ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കോർബാങ്കിംഗിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. രണ്ടു ഘട്ടങ്ങളായി ഇതിന്റെ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | | പൂർത്തീകരിക്കുന്നതാണ്. ഈ സൗകര്യം നിലവിൽ വരുമ്പോൾ ഒരു ട്രഷറിയിൽ അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ മറ്റേത് ട്രഷറിയിൽ നിന്നും ഇടപാടുകൾ നടത്തുവാൻ സാധിക്കുന്നതാണ്. സർക്കാരിലേയ്ക്കുള്ള പണം ഒടുക്കലുകൾ ട്രഷറിയിൽ വരാതെ ഓൺ ലൈനായി നിർവ്വഹിക്കുന്നതിന് ഉപഭോക്താക്കൾക്ക് സൗകര്യം നൽകുന്ന ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ഈ സേവനം ഉപയോഗിക്കാവുന്നതാണ്. മൂന്ന് ഏജൻസി ബാങ്കുകൾക്കു പുറമെ 9 ബാങ്കുകളെക്കൂടി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ട്രഷറികളിൽ പൊതുജനങ്ങളിൽ നിന്നുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ധനസ്ഥിതിയ്ക്ക് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | ട്രഷറി നിക്ഷേപങ്ങളിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് ദേശസാൽകൃത ബാങ്കുകൾക്ക് തുല്യമാക്കി, 22.2.2014 ലെ സ.ഉ. (പി) നം. 77/14/ധന പ്രകാരവും 5.9.2014 ലെ സ.ഉ. (പി) നം.385/2014/ധന പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഹ്രസ്വകാല നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന്റെ ഭാഗമായി Short Term Deposit Scheme നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഒന്നു മുതൽ മൂന്നു മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 7.5% പലിശ നൽകുന്നതിന് 29.3.14 ലെ സ.ഉ.(പി) നം..121/2014/ധന പ്രകാരവും 3 മാസത്തെ നിക്ഷേപങ്ങൾക്ക് 8% പലിശ നൽകുന്നതിന് 3.9.2014 ലെ സ.ഉ (പി) നം.383/2014/ധന പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ